"ഭരണഭാഷ- മാതൃഭാഷ"



## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് - 2022-23ൽ വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്ന പ്രോജക്റ്റ് നടപ്പാക്കിയതിന് സാധൂകരണം നൽകിയും 2023-24 മേൽ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.424/2024/LSGD    തീയതി,തിരുവനന്തപുരം, 22-02-2024

---

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.08.2023 ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 05.08.2023 ലെ BDOOTP/421/2023-C നമ്പർ കത്തും ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 01.08.2023ലെ 2(4)-ാം നമ്പർ തീരുമാനവും
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024-ന് നടന്ന യോഗത്തിന്റെ തീരുമാനം 4.4

**ഉത്തരവ്**

എല്ലാ വിഭാഗം വൃക്ക രോഗികൾക്കും ഡയാലിസിസ് നടത്തുന്നതിനുള്ള സഹായം ആഴ്ചയിൽ 1000 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000 രൂപ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്ന രീതിയിൽ പ്രോജക്റ്റ് എടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പരാമർശിത മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2. ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് 2022-23ൽ വൃക്ക രോഗികൾക്ക് ഡയാലിസിസിനു ധനസഹായം നൽകുന്നതിന് രണ്ടു പ്രോജക്റ്റുകൾ നേരിട്ട് ഏറ്റെടുത്ത് നടപ്പാക്കിയതിന് സാധൂകരണം നൽകണമെന്നും 2023-24ൽ ഡയാലിസിസിനു ധനസഹായം നൽകാനുള്ള പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നൽകണമെന്നും ബ്ലോക്ക് പഞ്ചായത്ത് പരാമർശം - 2 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അധ്യക്ഷനായിട്ടുള്ള പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് 2022-23ൽ വൃക്ക രോഗികൾക്ക് ഡയാലിസിസിനു ധനസഹായം നൽകുന്നതിനായി പ്രോജക്റ്റുകൾ (പ്രോ.നം:67/23, പ്രോ.നം:79/23) നേരിട്ട് ഏറ്റെടുത്ത് നടപ്പാക്കിയതിന് സാധൂകരണം നൽകി ഉത്തരവാകുന്നു. ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റുണ്ട് എന്നതു കൂടി പരിഗണിച്ച്, ബ്ലോക്ക് പഞ്ചായത്ത് മുഖേന ഡയാലിസിസ് നടത്തുന്നതിന് ധനസഹായം നൽകാൻ (പ്രോ.നം: 11/24) ഈ വർഷത്തേയ്ക്കു കൂടി അനുമതി നൽകിയും ഉത്തരവാകുന്നു. എന്നാൽ വരും വർഷങ്ങളിൽ

മാർഗ്ഗരേഖ നിഷ്കർഷിക്കും പ്രകാരം ഗ്രാമപഞ്ചായത്ത് മുഖേന ടി പദ്ധതി നടപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/ സെക്രട്ടറി, ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ, പാലക്കാട്
4. ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട്
5. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), പാലക്കാട്
6. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
7. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
8. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
9. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 24-02-2024 10:53:31

സെക്ഷൻ ഓഫീസർ